**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4901** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പി.എച്ച്.സി മാടപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും, ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി പായിപ്പാട്, പി.എച്ച്.സി തൃക്കൊടിത്താനം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ എഫ്.എച്ച്.സി ആയി പ്രവർത്തിച്ചു വരുന്നു. ആർദ്രം മൂന്നാം ഘട്ടത്തിൽ പി.എച്ച്.സി വാഴപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനം എൻ.എച്ച്.എം. വഴി നടന്നു വരുന്നു. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നേത്ര വിഭാഗത്തിൽ ഓപ്പറേഷൻ തീയേറ്റർ, പത്ത് കിടക്കകളോടു കൂടിയ ജെറിയാട്രിക് വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി, ചങ്ങനാശ്ശേരിയിൽ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് 28.4 കോടി രൂപക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ആർദ്രം പദ്ധതി പ്രകാരം മണ്ഡലത്തിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം സ്ഥാപനം സൃഷ്ടിച്ച തസ്തിക എണ്ണം ഉത്തരവ് നം. 1 ജനറൽ ആശുപത്രി ചങ്ങനാശ്ശേരി ദന്തൽ മെക്കാനിക്ക് 1 G.O(MS)No.136/2017/H&FWD dated 23.09.2017 1 ജൂനിയർ കൺസൾട്ടന്റ് (O&G) 1 സ്റ്റാഫ് നഴ്സ് (Gr.II) ലാബ് ടെക്നീഷ്യൻ (Gr.II) 3 1 G.O(MS)No.101/2017/H&FWD dated 28.06.2017 ലാബ് ടെക്നീഷ്യൻ (Gr.II) 2 G.O(MS)No.192/2016/H&FWD dated 07.10.2016 2 എഫ്.എച്ച്.സി മാടപ്പള്ളി അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | സർജൻ സ്റ്റാഫ് നഴ്സ് (Gr.II) ലാബ് ടെക്നീഷ്യൻ (Gr.II) 1 2 1 G.O(MS)No. 75/2017/H&FWD dated 12.05.2017 ഫാർമസിസ്റ്റ് 1 സ.ഉ(സാധാ) നം.1548/2018 ആ.കു.വ തീയതി 08.05.2018 3 എഫ്.എച്ച്.സി പായിപ്പാട് അസിസ്റ്റന്റ് സർജൻ 1 G.O(MS)No. 171/2019/H&FWD dated 14.11.2019 4 എഫ്.എച്ച്.സി തൃക്കൊടിത്താനം സ്റ്റാഫ് നഴ്സ് 1 G.O(MS)No. 171/2019/H&FWD dated 14.11.2019 തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി. കളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പി.എച്ച്.സി മാടപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും, ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി പായിപ്പാട്, പി.എച്ച്.സി തൃക്കൊടിത്താനം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ എഫ്.എച്ച്.സി ആയി പ്രവർത്തിച്ചു വരുന്നു. ആർദ്രം മൂന്നാം ഘട്ടത്തിൽ പി.എച്ച്.സി വാഴപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനം എൻ.എച്ച്.എം. വഴി നടന്നു വരുന്നു. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നേത്ര വിഭാഗത്തിൽ ഓപ്പറേഷൻ തീയേറ്റർ, പത്ത് കിടക്കകളോടു കൂടിയ ജെറിയാട്രിക് വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി, ചങ്ങനാശ്ശേരിയിൽ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് 28.4 കോടി രൂപക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ